**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** **02-07-2024 - ൽ മറുപടിയ്ക്ക്**

**കടലിൽ മത്സ്യസമ്പത്ത് കുറയാനുണ്ടായ സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതുമൂലം കടൽ വെള്ളത്തിലുണ്ടാകുന്ന മാറ്റങ്ങൾ മത്സ്യസമ്പത്ത് കുറയാൻ കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമുദ്രത്തിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്, നഷ്ടപ്പെട്ടതോ ഉപേക്ഷിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾ പ്രധാനമായും മത്സ്യബന്ധന വലകൾ എന്നിവ മത്സ്യങ്ങൾ ഉൾപ്പെടെയുള്ള കടൽ ജീവികളെ ദോഷകരമായി ബാധിക്കുന്നു എന്നും ഇത് മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നതിന് കാരണമാകുന്നുണ്ടെന്നും റിപ്പോർട്ടുകൾ ഉണ്ട്. |
| (ബി) | എങ്കിൽ ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കടലിൽ മാലിന്യങ്ങൾ അടിഞ്ഞു കൂടുന്നതുമൂലം കടൽ വെള്ളത്തിലുണ്ടാകുന്ന മാറ്റങ്ങൾ മത്സ്യസമ്പത്ത് കുറയാൻ കാരണമാകുന്നുണ്ടോയെന്ന് ഫിഷറീസ് വകുപ്പ് പഠനം നടത്തിയിട്ടില്ല.<br>എന്നാൽ 'ബീച്ചുകളിൽ മാലിന്യം തള്ളുന്ന സ്ഥിതി' (beach litter status) വിലയിരുത്തിയിട്ടുണ്ടെന്നും, ഇതു മൂലം സമുദ്ര മത്സ്യസമ്പത്ത് കുറയുന്നതായി കണ്ടെത്തിയിട്ടില്ലാ എന്നും CMFRI റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ